**വിവരാവകാശ നിയമം 2005**
**അടിയന്തരം**

കേരള സർക്കാർ

നം.166/സി3/2018/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്
തീയതി, തിരുവനന്തപുരം, 19/05/2018.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ.എ.എസ്.ഉല്ലാസ്
വൃന്ദാവനം, പിരപ്പൻകോട്.പി.ഒ.
വെഞ്ഞാറമൂട്, തിരുവനന്തപുരം.

സർ,

വിഷയം : സാനീവ –വിവരാവകാശ നിയമം 2005 - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : വിനോദ സഞ്ചാര (ഡി) വകുപ്പിന്റെ 15/5/2018 ലെ ടൂർ-സി1/185/2018/ടൂർ നമ്പർ കത്തിനോടൊപ്പം ഈ വകുപ്പിൽ 16/05/2018-ൽ ലഭിച്ച, താങ്കളുടെ 24/04/2018 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ താങ്കളുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിയ്ക്കുന്ന 4, 5 പിരിവുകൾക്കുള്ള വിവരങ്ങൾ സർക്കാരിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി ആയതിന്റെ പകർപ്പ്, വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം സാമൂഹ്യനീതി വകുപ്പിലെയും വനിതാ ശിശുവികസന വകുപ്പിലെയും വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ഈ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം താങ്കൾക്ക് താഴെക്കൊടുക്കുന്ന മേൽവിലാസത്തിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

ശ്രീമതി.ലീലാമണി.കെ.എം.
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

വിശ്വസ്തതയോടെ.

**ബിന്ദു.കെ.കെ.**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: സാമൂഹ്യനീതി വകുപ്പിലെയും വനിതാ ശിശുവികസന വകുപ്പിലെയും
എല്ലാ വകുപ്പദ്ധ്യക്ഷന്മാരുടെയും ഓഫീസിലെ
പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക്.
(അപേക്ഷകന് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സഹിതം).

Hx-AS/SP/2018/GAD
Cond

SPEL - 94169847
E - 2460667/18

സ്വീ,

ചീഫ് ഇൻഫർമേഷൻ ഓഫീസർ
പൊതുഭരണവകുപ്പ്
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

ഫ്രം,

എ എസ് ഉല്ലാസ്
വൃന്ദാവനം
പിരപ്പൻകോട് പി.ഒ
വെഞ്ഞാറമൂട്

07 JUN 2018

02 JUN 2018

25 APR

വിഷയം: 2005ലെ വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്

സർ,

താഴെപറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുക

1) കേരളത്തിലെ ഓരോ വകുപ്പുകളും ടെലഫോൺ ബില്ലിനത്തിൽ ഒരു മാസം എത്ര രൂപയാണ് ചെലവഴിക്കുന്നത്? ലാൻഡ്ഫോൺ, മൊബൈൽ ബില്ലുകൾ തരം തിരിച്ച് നൽകുക?

2) സർക്കാർ ഓഫീസുകളിലെ കണക്ഷന് ബി എസ് എൻ എൽ പ്രത്യേക ഓഫർ നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ താരിഫിന്റെ വിവരങ്ങൾ നൽകുക?

3) ഏതു രീതിയിലാണ് ബി എസ് എൻ എൽ ലിമിറ്റഡിന് ബിൽ തുക സർക്കാർ കൈമാറുന്നത്. നിലവിൽ ബിൽ കുടിശിക ഉണ്ടോ? ഉണ്ടെങ്കിൽ അവയുടെ വിവരം വ്യക്തമാക്കുക?

4) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. പത്തു ലക്ഷത്തിനു മേൽ വിലയുള്ള വാഹനങ്ങൾ എത്രയെണ്ണം?

5) വകുപ്പുകൾ എത്ര ഇന്നോവ കാറുകൾ ഉപയോഗിക്കുന്നുണ്ട്?

തിരുവനന്തപുരം
24-04-2018

Ullas
എ എസ് ഉല്ലാസ്